(എ) സുൽത്താൻ ബത്തേരിയിൽ സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് പണിയുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പ്രവൃത്തിക്ക് ബജറ്റിൽ എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളതെന്നും എന്തു തുകയാണ് എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സുൽത്താൻ ബത്തേരിയിൽ ഗവൺമെന്റ് ജീവനക്കാർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ഉപ്പാടി വില്ലേജിലെ കടമാൻ ചിറ എന്ന സ്ഥലത്ത് സർക്കാർ കൈവശം ഉണ്ട്.

(ബി) ഈ വർഷത്തെ ബഡ്ജറ്റിൽ 1,06,000 രൂപ വകയിരുത്തിയിട്ടുണ്ട്. റഫ് കോസ്റ്റ് എസ്റ്റിമേറ്റ് 37.00 ലക്ഷം രൂപയാണ്.

(സി) ഭൂമി ഏറ്റെടുക്കേണ്ട ആവശ്യം ഇല്ല. സർക്കാർ ഭൂമി കൈവശം ഉണ്ട്.

മേജർ ജില്ലാ റോഡുകൾ

52(673)ശ്രീ.എം.നാരായണൻ(ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പുതുതായി ഏതെങ്കിലും റോഡുകൾ മേജർ ജില്ലാ റോഡുകൾ ആയി പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദീകരിക്കുമോ;

(സി) ഹോസ്ദുർഗ്-പാണത്തൂർ സംസ്ഥാന ഹൈവേയുമായി ബന്ധിപ്പിക്കുന്നതും കേരള കർണ്ണാടക സംസ്ഥാനങ്ങളെ ബന്ധിപ്പിക്കുന്നതുമായ പാണത്തൂർ-കല്ലുപ്പള്ളി, കൊന്നക്കാട്-വെള്ളരിക്കുണ്ട്, നീലേശ്വരം-കോട്ടപ്പുറം-എരിഞ്ഞിക്കിൽ എന്നീ റോഡുകൾ ഇതിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 27 റോഡുകളെ മേജർ ജില്ലാ റോഡുകളാക്കുവാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

(സി) പരിഗണിക്കാവുന്നതാണ്.

കുണ്ടറ ഇ.എസ്.ഐ. ചന്ദനത്തോപ്പ്-പെരിനാട് റോഡിന്റെ എസ്റ്റിമേറ്റ് തുക

53 (677)ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly